പതിമൂന്നാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 3207 24.02.2016- ലെ മറുപടി

**വിദേശ മലയാളികൾ സംസ്ഥാനത്തെത്തിച്ച വിദേശ നാണ്യം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൻ.എ.നെല്ലിക്കുന്ന്<br>" പി.ഉബൈദുള്ള<br>" കെ.എൻ.എ.ഖാദർ<br>" വി.എം.ഉമ്മർ മാസ്റ്റർ | ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |

| | | |
|---|---|---|
| (എ) പ്രവാസികൾ ഈ വർഷം ഇന്ത്യയിലെത്തിച്ച വിദേശ നാണ്യത്തിൽ വിദേശ മലയാളികളുടെ പങ്കാളിത്തം എത്രത്തോളമാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ; | (എ) | കേരളത്തിലെ വിദേശ നാണ്യ ബാങ്ക് ഡെപ്പോസിറ്റ് 2015 സെപ്റ്റംബർ 30 ലെ റിപ്പോർട്ടുകൾ പ്രകാരം 2,17,283 കോടി രൂപയാണ്. ഇത് കേരളത്തിലെ മൊത്തം ബാങ്ക് നിക്ഷേപത്തിന്റെ 35.89% ആണ്. കേരളത്തിനു പുറത്തുള്ള ബാങ്കുകളിലും ഇത്തരം നിക്ഷേപം ഉണ്ടായേക്കാം. കേന്ദ്ര സർക്കാരിനു മാത്രമേ ഇക്കാര്യത്തിൽ വ്യക്തത വരുത്തുവാൻ കഴിയുകയുള്ളൂ. |
| (ബി) കഴിഞ്ഞ അഞ്ചു വർഷക്കാലയളവിൽ വിദേശ മലയാളികൾ സംസ്ഥാനത്തെത്തിച്ച വിദേശ നാണ്യത്തിൽ എത്രത്തോളം തുക പ്രത്യുല്പാദനമേഖലയിൽ നിക്ഷേപിക്കപ്പെട്ടിട്ടുണ്ടെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | പ്രത്യുല്പാദന മേഖലയിലെ പ്രവാസി നിക്ഷേപം സംബന്ധിച്ച പഠനങ്ങൾ നടത്തിയിട്ടില്ല. കഴിഞ്ഞ അഞ്ചു വർഷത്തിൽ കെ.എസ്.ഐ.ഡി.സി യുടെ വായ്പാ/ഓഹരി മൂലധന സഹായത്തോടെ വിദേശ മലയാളികൾ പ്രൊമോട്ടർ മാരായിട്ടുള്ള 1439.42 ലക്ഷം രൂപയുടെ പദ്ധതികൾ നടപ്പിലാക്കി വരുന്നു. |
| (സി) വിദേശ മലയാളികൾ എത്തിക്കുന്ന വിദേശനാണ്യം ഫലപ്രദമായി കാർഷിക, വ്യാവസായിക മേഖലകളിൽ നിക്ഷേപിക്കുന്നതിനും, തദ്ദേശീയ തൊഴിലവസരങ്ങള് സൃഷ്ടിക്കുന്നതിനും സമഗ്രപദ്ധതി തയ്യാറാക്കുമോ? | (സി) | കാർഷിക കാർഷികേതര മേഖലകളിൽ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനും അതു വഴി തദ്ദേശീയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സർക്കാർ വിവിധ പരിപാടികൾ സംഘടിപ്പിച്ചു വരുന്നു. നോർക്ക ഡിപ്പാർട്ട്മെന്റ് പ്രൊജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് എന്ന പദ്ധതിയിൻ കീഴിൽ മടങ്ങി വരുന്ന പ്രവാസികൾക്ക് കാർഷിക വ്യവസായ പദ്ധതികൾ ആരംഭിക്കുന്നതിന് മൂലധന / പലിശ സബ്സിഡിയോടെ വായ്പ ലഭ്യമാക്കിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ